**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1371** **11.06.2019 ൽ മറുപടിയ്ക്ക്**

**നീലകുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി നിർണയം**

| **ചോദ്യം**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | ദേവികുളം മണ്ഡലത്തിലെ നീലകുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി നിർണയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പോ റവന്യൂ-വനം വകുപ്പുകൾ സംയുക്തമായോ സ്വീകരിച്ചുവരുന്ന നടപടികൾ/പരിശോധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) കുറിഞ്ഞിമല സങ്കേതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഡോ. നിവേദിത പി. ഹരൻ ഐ.എ.എസ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 16/02/2015 ലെ ജി.ഒ(എം.എസ്) 69/2015/റവ നം. സർക്കാർ ഉത്തരവിൽ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേരുകളും പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ദേവികുളം സബ് കളക്ടർ മുഖേന തണ്ടപ്പേർ വെരിഫിക്കേഷൻ നടന്നുവരികയായിരുന്നു. തുടർന്ന് 10/05/2018 ലെ ജി.ഒ(എം.എസ്) 178/2018/റവ പ്രകാരം ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58 ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് 62 ലെയും പട്ടയ ഭൂമി ഒഴികെ ബ്ലോക്ക് നം. 59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമി കൂടി പ്രധാനമായും ഗ്രാന്റിസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണയം ചെയ്യേണ്ടതാണെന്ന് ഉത്തരവായി. ടി ഉത്തരവിന്റെ കാര്യനിർവ്വഹണത്തിനായി 28/07/2018 ലെ സ.ഉ.(സാധാ) 4948/2018/പൊ.ഭ.വ. പ്രകാരം ബഹു. ലാൻഡ് റവന്യൂ കമ്മീഷണറെ സ്പെഷ്യൽ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തുടർന്ന് 04/01/2019, 05/01/2019 തീയതികളിൽ വട്ടവടയിൽവെച്ച് ബ്ലോക്ക് 60 ലെ തണ്ടപ്പേർ |

| | | |
|---|---|---|
| | | കക്ഷികളുടെ ഹിയറിംഗ് നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ചിട്ടുള്ളതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ ഓഫീസറുടെ അധികാരങ്ങൾ, ചുമതലകൾ എന്നിവ വ്യക്തമാക്കാമോ? | (ബി) വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ മുഴുവൻ തണ്ടപ്പേരുകളും പരിശോധിക്കുവാനുള്ള അധികാരം സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ദേവികുളം താലൂക്കിലെ കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58 ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് നം. 62 ലെയും പട്ടയ ഭൂമി ഒഴികെ ബ്ലോക്ക് നം. 59, 60, 61, 63 എന്നിവയിലുള്ള റവന്യൂ ഭൂമി കൂടി, പ്രധാനമായും ഗ്രാന്റിസ് തോട്ടങ്ങൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി ഉചിതമായ രീതിയിൽ 3200 ഹെക്ടറിൽ കുറയാത്ത വിധം അതിരുകൾ പുനർനിർണയം ചെയ്യുക എന്നുള്ളതാണ് സ്പെഷ്യൽ ഓഫീസറുടെ ചുമതല. |

സെക്ഷൻ ഓഫീസർ